എ.വൈ.ആർ


## സൂറ-10

# യൂനുസ്

38 അതല്ല, ഈ വേദം പ്രവാചകൻ കെട്ടിച്ചമച്ചതുതന്നെ എന്ന് ജനം പറയുന്നുവോ? പ്രവാചകൻ അവരോടു പറയുക: എങ്കിൽ ഇതുപോലൊരു സൂറ നിങ്ങളും ചമക്കുവിൻ. അല്ലാഹുവിനെ കൂടാതെ നിങ്ങൾക്കുവിളിക്കാൻ കഴിയുന്നവരോടൊക്കെയും അതിനു സഹായം തേടിക്കൊള്ളുക. നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ അങ്ങനെ ചെയ്തു കാണിക്കണം.

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ فَأْتُوا۟ بِسُورَةٍ مِّثْلِهِۦ وَٱدْعُوا۟ مَنِ ٱسْتَطَعْتُم مِّن دُونِ ٱللَّهِ إِن كُنتُمْ صَٰدِقِينَ ﴿٣٨﴾

39 എന്നാൽ കാര്യം അതൊന്നുമല്ല; സ്വന്തം ജ്ഞാന പരിധിയിൽ പെടാത്തതും പരിണതി പ്രത്യക്ഷത്തിൽ വന്നുകഴിഞ്ഞിട്ടില്ലാത്തതുമായ സംഗതികളെ അവർ ചിന്താശൂന്യരായി തള്ളിക്കളഞ്ഞു എന്നതത്രെ സത്യം. ഇതേ പ്രകാരം ഇവർക്കു മുമ്പുള്ളവരും തള്ളിക്കളഞ്ഞിട്ടുള്ളതാകുന്നു. ധർമധ്വംസകരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് നോക്കുക!

بَلْ كَذَّبُوا۟ بِمَا لَمْ يُحِيطُوا۟ بِعِلْمِهِۦ وَلَمَّا يَأْتِهِمْ تَأْوِيلُهُۥ ۚ كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلظَّٰلِمِينَ ﴿٣٩﴾

40 ഇവരിൽ ഈ ഖുർആൻ വിശ്വസിക്കുന്നവരുണ്ട്; വിശ്വസിക്കാത്തവരുമുണ്ട്. നിന്റെ നാഥൻ നാശകാരികളെ നന്നായറിയുന്നു.

وَمِنْهُم مَّن يُؤْمِنُ بِهِۦ وَمِنْهُم مَّن لَّا يُؤْمِنُ بِهِۦ ۚ وَرَبُّكَ أَعْلَمُ بِٱلْمُفْسِدِينَ ﴿٤٠﴾

41 ഇനിയും അവർ നിന്നെ തള്ളിപ്പറയുക തന്നെയാണെങ്കിൽ പറഞ്ഞേക്കുക: എനിക്ക് എന്റെ ജോലി; നിങ്ങൾക്ക് നിങ്ങളുടെ ജോലി. ഞാൻ പ്രവർത്തിക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നിങ്ങൾ മുക്തരാകുന്നു; നിങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഞാനും മുക്തനാകുന്നു.

وَإِن كَذَّبُوكَ فَقُل لِّى عَمَلِى وَلَكُمْ عَمَلُكُمْ ۖ أَنتُم بَرِيٓـُٔونَ مِمَّآ أَعْمَلُ وَأَنَا۠ بَرِىٓءٌ مِّمَّا تَعْمَلُونَ ﴿٤١﴾

42 അവരിൽ പലരും നിന്നെ ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്. പക്ഷേ, നിനക്ക് ബധിരന്മാരെ കേൾപ്പിക്കാനാവുമോ; അവർ യാതൊന്നും മനസ്സിലാക്കാൻ കൂട്ടാക്കാത്തവരായാലും?

وَمِنْهُم مَّن يَسْتَمِعُونَ إِلَيْكَ ۚ أَفَأَنتَ تُسْمِعُ ٱلصُّمَّ وَلَوْ كَانُوا۟ لَا يَعْقِلُونَ ﴿٤٢﴾

43 നിന്നെ സൂക്ഷിച്ചു നോക്കുന്നവരും അക്കൂട്ടത്തിലുണ്ട്. പക്ഷേ, നിനക്ക് അന്ധരെ വഴി കാണിക്കാനാവുമോ; അവർ ഒന്നും കാണാൻ തയാറില്ലാത്തവരായാലും?

وَمِنْهُم مَّن يَنظُرُ إِلَيْكَ ۚ أَفَأَنتَ تَهْدِى ٱلْعُمْىَ وَلَوْ كَانُوا۟ لَا يُبْصِرُونَ ﴿٤٣﴾

أَمْ يَقُولُونَ= (അതല്ല) അവർ പറയുന്നുവോ ٱفْتَرَىٰهُ= അവൻ അത് കെട്ടിച്ചമച്ചു(ഈ വേദം പ്രവാചകൻ കെട്ടിച്ചമച്ചതുതന്നെ)

قُلْ= നീ (പ്രവാചകൻ അവരോട്) പറയുക فَأْتُوا۟= എങ്കിൽ കൊണ്ടുവരിൻ (നിങ്ങളും ചമക്കുവിൻ) بِسُورَةٍ= ഒരു സൂറ

مِّثْلِهِۦ= ഇതുപോലെ وَٱدْعُوا۟= വിളിച്ചുകൊള്ളുവിൻ, സഹായം തേടിക്കൊള്ളുവിൻ

مَنِ ٱسْتَطَعْتُم= നിങ്ങൾക്ക്(വിളിക്കാൻ)കഴിയുന്നവരെ(ഒക്കെയും) مِّن دُونِ ٱللَّهِ= അല്ലാഹുവിനെ കൂടാതെ

إِن كُنتُم صَـٰدِقِينَ= നിങ്ങൾ സത്യവാന്മാർ ആയിരുന്നുവെങ്കിൽ (നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ)

بَلْ= എന്നാൽ, പക്ഷേ (കാര്യം അതൊന്നുമല്ല) كَذَّبُوا۟= അവർ തള്ളിക്കളഞ്ഞു(എന്നതത്രെ സത്യം)

بِمَا لَمْ يُحِيطُوا۟ بِعِلْمِهِۦ= യാതൊന്നിന്റെ അറിവിനെ അവർ ചുറ്റിയിട്ടില്ലയോ അതിനെ (സ്വന്തം ജ്ഞാനപരിധിയിൽ പെടാത്തതും)

وَلَمَّا يَأْتِهِمْ تَأْوِيلُهُۥ= യാതൊന്നിന്റെ പരിണതി അവർക്കു വന്നിട്ടില്ലയോ അതിനെയും (പരിണതി പ്രത്യക്ഷത്തിൽ വന്നു കഴിഞ്ഞിട്ടില്ലാത്തതുമായ സംഗതികളെ)

كَذَٰلِكَ= ഇതേപ്രകാരം كَذَّبَ= തള്ളിക്കളഞ്ഞു ٱلَّذِينَ مِن قَبْلِهِمْ= അവർക്ക് മുമ്പുള്ളവർ(രും) فَٱنظُرْ= നോക്കുക

كَيْفَ كَانَ= എങ്ങനെയായിരുന്നുവെന്ന് عَـٰقِبَةُ ٱلظَّـٰلِمِينَ= ധർമധ്വംസകരുടെ പര്യവസാനം وَمِنْهُم= അവരിൽ ഉണ്ട്

مَّن يُؤْمِنُ بِهِۦ= അതിൽ(ഖുർആനിൽ)വിശ്വസിക്കുന്നവർ وَمِنْهُم= അവരിൽ ഉണ്ട്

مَّن لَّا يُؤْمِنُ بِهِۦ= അതിൽ (ഖുർആനിൽ)വിശ്വസിക്കാത്തവരും وَرَبُّكَ= നിന്റെ നാഥൻ

أَعْلَمُ= ഏറ്റം(നന്നായി)അറിയു(ന്നു)ന്നവനാകുന്നു بِٱلْمُفْسِدِينَ= നാശകാരികളെ

وَإِن كَذَّبُوكَ= (ഇനിയും) അവർ നിന്നെ തള്ളിപ്പറയുക(തന്നെ)യാണെങ്കിൽ فَقُل= നീ പറഞ്ഞേക്കുക لِّى= എനിക്ക്

عَمَلِى= എന്റെ ജോലി وَلَكُمْ= നിങ്ങൾക്ക് عَمَلُكُمْ= നിങ്ങളുടെ ജോലി أَنتُم= നിങ്ങൾ

بَرِيٓـُٔونَ= ഒഴിവായവരാകുന്നു(ഉത്തരവാദിത്വത്തിൽനിന്ന് മുക്തരാകുന്നു) مِمَّآ أَعْمَلُ= ഞാൻ പ്രവർത്തിക്കുന്നതി(ന്റെ)ൽനിന്ന്

وَأَنَا۠= ഞാനും بَرِىٓءٌ= ഒഴിവായവനാകുന്നു(ഉത്തരവാദിത്വത്തിൽനിന്ന് മുക്തനാകുന്നു)

مِّمَّا تَعْمَلُونَ= നിങ്ങൾ പ്രവർത്തിക്കുന്നതി(ന്റെ)ൽനിന്ന് وَمِنْهُم= അവരിലുണ്ട് مَّن = ചിലർ(പലരും)

يَسْتَمِعُونَ إِلَيْكَ= നിന്നെ ശ്രദ്ധിച്ചു കേൾക്കുന്നു(ണ്ട്) أَفَأَنتَ= അപ്പോൾ നീ ആണോ (നിനക്കാവുമോ)

تُسْمِعُ= നീ കേൾപ്പിക്കുന്നു(ക്കാൻ) ٱلصُّمَّ= ബധിരന്മാരെ وَلَوْ كَانُوا۟= അവർ ആയാലും

لَا يَعْقِلُونَ= അവർ മനസ്സിലാക്കുന്നില്ല(യാതൊന്നും മനസ്സിലാക്കാൻ കൂട്ടാക്കാത്തവർ) وَمِنْهُم= അക്കൂട്ടത്തിലുണ്ട്

مَّن = ചിലർ(രും) يَنظُرُ إِلَيْكَ= നിന്നെ(സൂക്ഷിച്ചു)നോക്കുന്ന أَفَأَنتَ= അപ്പോൾ നീ ആണോ(നിനക്കാവുമോ)

تَهْدِى= നയിക്കുന്നു(വഴികാണിക്കാൻ) ٱلْعُمْىَ= അന്ധന്മാരെ وَلَوْ كَانُوا۟= അവർ ആയാലും

لَا يُبْصِرُونَ= അവർ കാണുന്നില്ല (ഒന്നും കാണാൻ തയാറില്ലാത്തവർ)

**38,39:** മുൻവിധിയില്ലാതെ നിഷ്പക്ഷമായി സത്യാന്വേഷണം ചെയ്യുന്നവർക്ക് ഖുർആന്റെ ദൈവികത ബോധ്യപ്പെടാൻ മതിയായ തെളിവുകളാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്. അതൊന്നും അംഗീകരിക്കാൻ കൂട്ടാക്കാതെ, മുഹമ്മദ് സ്വയം രചിച്ച് കർതൃത്വം അല്ലാഹുവിൽ ആരോപിക്കുന്ന ഗ്രന്ഥമാണിതെന്നു തന്നെ വല്ലവരും വാദിക്കുന്നുവെങ്കിൽ അവരോട് ഇങ്ങനെ ആവശ്യപ്പെടണം: മുഹമ്മദ് രചിച്ചതെന്ന് നിങ്ങൾ പറയുന്ന ഈ ഗ്രന്ഥത്തിലെ സൂറകൾപോലുള്ള ഒരു സൂറയെങ്കിലും നിങ്ങൾ രചിച്ചു കാണിക്കുക. അതിനു മറ്റു മനുഷ്യരുടെയോ ജിന്നുകളുടെയോ മലക്കുകളുടെയോ പിശാചിന്റെയോ, എന്നുവേണ്ട നിങ്ങൾക്ക് തേടാൻ കഴിയുന്ന ആരുടെ സഹായം വേണമെങ്കിലും തേടിക്കൊള്ളുക. ഈ വേദം മനുഷ്യകൃതിയാണെന്ന നിങ്ങളുടെ വാദം സത്യമാണെങ്കിൽ നിങ്ങൾക്കതു ചെയ്തു കാണിക്കാൻ കഴിയും; കഴിയണം. അഥവാ നിങ്ങൾക്കതിനു കഴിയുന്നില്ലെങ്കിൽ ഇത് മനുഷ്യ കൃതിയല്ല, ദൈവിക വേദം തന്നെയാണെന്ന സത്യം അംഗീകരിക്കാൻ തയാറാവണം. നേരത്തെ സൂറ *അൽബഖറ* 23-ാം സൂക്തവും ഇങ്ങനെ വെല്ലുവിളിച്ചിട്ടുണ്ട്. നിങ്ങൾക്കത് ചെയ്യാനാകുന്നില്ലെങ്കിൽ, ഒരിക്കലും ചെയ്യാനാവില്ല -فَإِن لَّمْ تَفْعَلُوا۟ وَلَن تَفْعَلُوا۟- എന്നും അവിടെ പ്രസ്താവിച്ചിരിക്കുന്നു. സൂറ *ഹൂദ്* 13-ാം സൂക്തം പറയുന്നു:

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ فَأْتُوا۟ بِعَشْرِ سُوَرٍ مِّثْلِهِۦ مُفْتَرَيَـٰتٍ وَٱدْعُوا۟ مَنِ ٱسْتَطَعْتُم مِّن دُونِ ٱللَّهِ إِن كُنتُمْ صَـٰدِقِينَ ﴿١٣﴾

(ഈ വേദം പ്രവാചകൻ സ്വയം ചമച്ചതാണെന്ന് അവർ പറയുന്നുവോ? പറയുക: എങ്കിൽ ഇതുപോലുള്ള പത്ത് സൂറ നിങ്ങളും രചിച്ചുകൊണ്ടുവരുവിൻ. അതിനുവേണ്ടി നിങ്ങൾക്ക് സഹായത്തിനു വിളിക്കാൻ കഴിയുന്ന ആരെയും വിളിച്ചുകൊള്ളുക! നിങ്ങൾ സത്യവാന്മാരാണെങ്കിൽ അങ്ങനെ ചെയ്തു കാണിക്കണം). സൂറ *അൽ ഇസ്റാഅ്* 88-ാം സൂക്തത്തിൽ പറയുന്നു:

قُل لَّئِنِ ٱجْتَمَعَتِ ٱلْإِنسُ وَٱلْجِنُّ عَلَىٰٓ أَن يَأْتُوا۟ بِمِثْلِ هَـٰذَا ٱلْقُرْءَانِ لَا يَأْتُونَ بِمِثْلِهِۦ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴿٨٨﴾

(നീ പറയുക: മനുഷ്യരും ജിന്നുകളും ഒത്തൊരുമിച്ച് പരസ്പരം സഹകരിച്ചു ശ്രമിച്ചാലും ഈ ഖുർആൻ പോലൊന്ന് രചിക്കാൻ സാധിക്കുകയില്ല).

ഇതിലെ ന്യായം ലളിതമാണ്. ഖുർആൻ മുഹമ്മദെന്ന മനുഷ്യന്റെ കൃതിയാണെങ്കിൽ മുഹമ്മദിനെപോലുള്ള മറ്റു മനുഷ്യർക്കും അതുപോലുള്ളത് രചിക്കാൻ കഴിയേണ്ടതാണ്. ഖുർആൻ മുഴുവൻ വേണ്ട, അതിലെ ഒരു സൂറക്ക് തുല്യമായതെങ്കിലും രചിക്കാൻ ഒറ്റക്കോ കൂട്ടായോ ശ്രമിച്ചു നോക്കൂ. ലൗകികമായത് ലോകർക്ക് സാധ്യമാകുന്നതാണ്. ലോകർക്ക് അസാധ്യമായത് അലൗകികമാണ്, ദൈവികമാണ്. ഈ വെല്ലുവിളി നേരിടാൻ ശ്രമിച്ചവർക്കൊക്കെ, ഖുർആൻ ഉപയോഗിച്ച

അറബിഭാഷയിൽനിന്നുതന്നെയുള്ള പദങ്ങൾ കൊരുത്ത് വാചകങ്ങൾ ഉണ്ടാക്കാനേ കഴിഞ്ഞുള്ളൂ. ഖുർആൻ സൂക്തങ്ങളുടെ അലൗകികമായ സൗന്ദര്യവും അനുഭൂതി സംക്രമണ ശേഷിയും ആശയ വൈപുല്യവും അൽപവും ആവാഹിക്കാൻ അവർക്ക് കഴിഞ്ഞില്ല. തങ്ങളുടെ രചന ഖുർആനു തുല്യമാണെന്നു വാദിക്കാൻ ആ രചയിതാക്കളുടെ മനഃസാക്ഷിതന്നെ അനുവദിച്ചില്ല എന്നതാണ് വാസ്തവം.

പ്രവാചകന്റെ പ്രതിയോഗികളുടെ ഖുർആൻ നിഷേധത്തിന്റെ യഥാർഥ കാരണം, ദൈവം മനുഷ്യർക്കായി വേദമവതരിപ്പിക്കുകയില്ല എന്ന വിശ്വാസമോ ഖുർആൻ മനുഷ്യ കൃതിയാണെന്ന സംശയമോ ഒന്നുമല്ല. അറിഞ്ഞുകൂടാത്ത യാഥാർഥ്യങ്ങളെ തള്ളിക്കളയാൻ ബദ്ധപ്പെടുകയാണവർ. 'ജനം അവർക്കറിഞ്ഞുകൂടാത്തതിന്റെ ശത്രുക്കളാണ്' – الناس أعداء ما جهلوا – എന്നുണ്ടല്ലോ. بَلْ كَذَّبُوا۟ بِمَا لَمْ يُحِيطُوا۟ بِعِلْمِهِۦ എന്നാണ് മൂലവാക്യം. വലയം ചെയ്തു, ചുറ്റുമതിലായി എന്ന അർഥത്തിലുള്ള أحاطയുടെ വർത്തമാന ക്രിയാ രൂപമാണ് يحيط. ഒരു കാര്യം സമഗ്രമായും വ്യക്തമായും അറിഞ്ഞു എന്ന അർഥത്തിൽ أحاط به علماഎന്നും أحاط بعلمه എന്നും പറയുന്നു. أحاط به علما എന്നതിനെക്കാൾ അർഥപുഷ്ടമാണ് أحاط بعلمه എന്നാണ് ഭാഷാ ശാസ്ത്രം. ഇവിടെ ഈ പ്രയോഗത്തിന് രണ്ട് അർഥ തലമുണ്ട്. ഒന്ന്, തങ്ങൾക്ക് അറിവില്ലാത്ത ആദർശങ്ങളും ഉപദേശങ്ങളുമായി വന്ന ഖുർആനെ ചിന്തിച്ചു മനസ്സിലാക്കാൻ ശ്രമിക്കാതെ ബദ്ധപ്പെട്ടു നിഷേധിക്കുകയാണവർ.

രണ്ട്, അവരുടെ ജ്ഞാനപരിധിക്കപ്പുറമുള്ള വിഷയങ്ങളെ നിഷേധിക്കാൻ ബദ്ധപ്പാടുകൊണ്ടാണവർ ഖുർആനെ നിഷേധിക്കുന്നത്. ഖുർആൻ കൈകാര്യം ചെയ്യുന്ന ആത്മീയാദർശങ്ങൾ, പരലോകം, ധാർമിക നിയമങ്ങൾ, ഭൂതകാല ചരിത്രങ്ങൾ, ഭാവിയിലെ പരിണതികൾ ഇതൊന്നും ഇക്കൂട്ടരുടെ ഇന്ദ്രിയ ജ്ഞാനത്തിന്റെ പരിധിയിൽ പെട്ടതല്ല. തങ്ങൾക്ക് അറിഞ്ഞുകൂടാത്തതൊക്കെയും ഇല്ലാത്തതാണ് എന്നാണ് ഇക്കൂട്ടരുടെ നിലപാട്. ഭൗതിക പ്രമത്തത, സത്യധർമാദികളോട് കൂറില്ലായ്മ, പിന്തുടർന്നു വരുന്ന ആചാര വിചാരങ്ങളിൽ മാറ്റംവരുത്താനുള്ള വൈമുഖ്യം തുടങ്ങിയവയാണ് ഈ നിലപാടിന്റെ പ്രേരകങ്ങൾ.

وَلَمَّا يَأْتِهِمْ تَأْوِيلُهُۥ എന്ന വാക്യത്തെയാണ് 'പരിണതി പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിട്ടില്ലാത്തത്' എന്ന് തർജമ ചെയ്തിട്ടുള്ളത്. വിശദീകരണം, വ്യാഖ്യാനം എന്ന അർഥത്തിലും പര്യവസാനം, പരിണതി എന്ന അർഥത്തിലും ഉപയോഗിക്കുന്ന പദമാണ് تأويل. സൂറ *ആലുഇംറാൻ* 7-ാം സൂക്തത്തിൽ وَٱبْتِغَآءَ تَأْوِيلِهِۦ ۗ وَمَا يَعْلَمُ تَأْوِيلَهُۥٓ എന്നു പറഞ്ഞിട്ടുള്ളത് ആദ്യത്തെ അർഥങ്ങളിലാണ്. സൂറ *അൽ ഇസ്റാഅ്* 35-ാം സൂക്തത്തിൽ وَأَحْسَنُ تَأْوِيلًا എന്നു പറയുന്നത് രണ്ടാമത്തെ അർഥങ്ങളിലും. ഈ രണ്ടാമത്തെ അർഥങ്ങളാണ് ഈ സന്ദർഭത്തിൽ യോജിക്കുന്നത്. ഖുർആന്റെ പ്രവചനങ്ങളുടെയും മുന്നറിയിപ്പുകളുടെയും പുലർച്ചയാണതുകൊണ്ടുദ്ദേശ്യം. വീണ്ടെടുപ്പ് സാധ്യമല്ലാത്തവിധം സത്യനിഷേധത്തിലും ധർമധിക്കാരത്തിലും തൽപരരാകുന്ന സമൂഹങ്ങൾ ഉന്മൂലനം ചെയ്യപ്പെടുമെന്ന് ഖുർആൻ ആവർത്തിച്ചു താക്കീതു ചെയ്യുന്നു. മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും വിചാരണ ചെയ്ത് രക്ഷാശിക്ഷകൾ വിധിക്കപ്പെടുമെന്നും അടിക്കടി മുന്നറിയിപ്പു നൽകുന്നു. ഇസ്‌ലാമിന്റെയും മുസ്‌ലിം സമുദായത്തിന്റെയും അവരുടെ വിരോധികളുടെയും ഭാവിയെക്കുറിച്ച് ധാരാളം പ്രവചനങ്ങൾ നടത്തുന്നു. ഖുർആന്റെ സംബോധിതരുടെ മുന്നിൽ അന്ന് ഈ പ്രവചനങ്ങളൊന്നും പുലർന്നു കഴിഞ്ഞിരുന്നില്ല. അതിനാൽ അവിശ്വാസികൾ ഖുർആനെ തള്ളിപ്പറഞ്ഞു. അന്ത്യനാളും ഉയിർത്തെഴുന്നേൽപും എക്കാലത്തും ഐഹിക മനുഷ്യന്റെ മുമ്പിൽ പുലരാത്ത പ്രവചനങ്ങളാണ്. പരലോക വിശ്വാസമില്ലാത്തവർ അതിന്റെ പേരിലും ഖുർആനെ തള്ളിക്കളയുന്നു.

ഖുർആനെയും പ്രവാചകനെയും ആളുകൾ ഇങ്ങനെ തള്ളിപ്പറയുന്നതിൽ അത്ഭുതമൊന്നുമില്ല. ജനങ്ങളെ സത്യത്തിലേക്കും ധർമത്തിലേക്കും പ്രബോധനം ചെയ്യാൻ ആഗതരായ പൂർവപ്രവാചകന്മാരും വേദങ്ങളുമെല്ലാം ഈ വിധം മൂഢ ജനങ്ങളാൽ നിഷേധിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, പ്രവാചക സന്ദേശം സ്വീകരിക്കാനും ജീവിതം സംസ്കരിക്കാനും തയാറായവർക്കേ മേൽഗതിയുണ്ടായിട്ടുള്ളൂ. സത്യനിഷേധത്തിന്റെയും ധർമ ധ്വംസനത്തിന്റെയും പാതയിലൂടെ മുന്നോട്ടു പോയവർ ഒടുവിൽ അനിവാര്യമായ നാശഗർത്തത്തിൽ ചെന്നു പതിക്കുകയാണുണ്ടായിട്ടുള്ളത്. ചരിത്രം പരിശോധിച്ചു നോക്കിയാൽ അതിനു ധാരാളം സാക്ഷ്യങ്ങൾ ലഭിക്കും. സമകാലീന സമൂഹത്തിന് അവരെക്കുറിച്ചുള്ള വേദ പ്രവചനങ്ങളുടെ യാഥാർഥ്യം ആ സാക്ഷ്യങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്.

**40,41:** പ്രവാചകനുള്ള സാന്ത്വനവും നിഷേധികൾക്കുള്ള താക്കീതുമാണീ സൂക്തങ്ങൾ. സാരമിതാണ്: അവിശ്വാസികളുടെ പൊതുവായ നിലപാട് നേരത്തെ പറഞ്ഞതാണെങ്കിലും ബുദ്ധിയുപയോഗിച്ച് ചിന്തിക്കാൻ തയാറാകുന്ന ചിലർ അക്കൂട്ടത്തിലുണ്ട്. അവർ ഖുർആനെയും പ്രവാചകനെയും അംഗീകരിക്കാൻ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നുമുണ്ട്. ഈ സമൂഹം പൂർണമായി മരിച്ചു കഴിഞ്ഞിട്ടില്ലെന്നും അതിനുള്ളിൽ നന്മയുടെ അംശങ്ങൾ ഇപ്പോഴുമുണ്ടെന്നുമാണിതിനർഥം. അണഞ്ഞിട്ടില്ലാത്ത ആ തീപ്പൊരികൾ ഊതിക്കത്തിക്കുകയാണ് പ്രവാചകൻ ചെയ്യേണ്ടത്. അതുകൊണ്ടാണ് അവർ ശിക്ഷക്ക് ധൃതി കൂട്ടുമ്പോഴും അല്ലാഹു അവർക്ക് അവസരം നീട്ടിക്കൊടുത്തുകൊണ്ടിരിക്കുന്നത്. അവരിൽ നാശകാരികളും ശിക്ഷാർഹരും മറ്റുള്ളവരിൽനിന്ന് തികച്ചും വേർതിരിഞ്ഞു വരേണ്ടതുണ്ട്. അല്ലാഹുവിന് അവരെക്കുറിച്ച് നന്നായറിയാം. സ്വന്തം ദുഷ്ടതകളുടെ ഫലം അവരനുഭവിക്കുക തന്നെ ചെയ്യും.

ലളിതവും അനിഷേധ്യവുമായ ഈ തെളിവുകളും ന്യായങ്ങളുമൊന്നും സമ്മതിക്കാതെ ഇനിയും പ്രവാചകനെ തള്ളിപ്പറയുന്നവരെയോർത്ത് നിരാശപ്പെടേണ്ടതില്ല. ബുദ്ധിപൂർവം കാര്യങ്ങൾ മനസ്സിലാക്കാൻ കൂട്ടാക്കാത്തവരും യാഥാർഥ്യങ്ങൾ മനസ്സിലായാലും അംഗീകരിക്കാൻ കൂട്ടാക്കാത്തവരുമായ കുറെയാളുകൾ എല്ലാ സമൂഹത്തിലും ഉണ്ടായിരിക്കും. അവരോട് ഏറെ തർക്കിച്ചതുകൊണ്ട് കാര്യമില്ല. അത്തരക്കാരെ ഭംഗിയായി അവഗണിച്ചേക്കണം. നിങ്ങൾ നിങ്ങളുടെ പണി നോക്കുക, ഞാൻ എന്റെ പണി നോക്കാം എന്നാണവരോടു പറയേണ്ടത്. നിങ്ങളുടെ കർമങ്ങൾ ദുഷ്ടമായാലും ശിഷ്ടമായാലും അതിൽ എനിക്ക് യാതൊരു ഉത്തരവാദിത്വവുമില്ല അഥവാ അതിന്റെ രക്ഷയും ശിക്ഷയും ഞാനല്ല, നിങ്ങൾ തന്നെയാണ് അനുഭവിക്കേണ്ടിവരിക. എന്റെ കർമങ്ങളുടെ ഗുണദോഷങ്ങളിൽ നിങ്ങൾക്കും ഉത്തരവാദിത്വമില്ല. അതിന്റെ; ശിക്ഷയും രക്ഷയും നിങ്ങൾ അനുഭവിക്കേണ്ടിവരില്ല, ഞാൻ തന്നെ അനുഭവിച്ചുകൊള്ളും.

**42,43:** ഈ സൂക്തങ്ങൾ നേരത്തെ വന്ന 40-ാം സൂക്തത്തിന്റെ അനുബന്ധമായും 41-ാം സൂക്തത്തിന്റെ അനുബന്ധമായും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. 40-ാം സൂക്തത്തിന്റെ അനുബന്ധമാണെന്നു കരുതുമ്പോൾ ആശയം ഇതാണ്: പ്രവാ

ചകന്റെ സമുദായത്തിൽ ധാരാളമാളുകൾ ഈ ഖുർആൻ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കുന്നുണ്ട്. അവർ യാഥാർഥ്യങ്ങൾ ഗ്രഹിക്കുന്നുമുണ്ട്. അവരാണിതിൽ വിശ്വസിക്കുന്നവർ. ഇനിയും അക്കൂട്ടത്തിൽ ധാരാളം ആളുകൾ ഇതു ശ്രദ്ധിച്ചു കേൾക്കുകയും മനസിലാക്കുകയും വിശ്വസിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഖുർആൻ ശ്രദ്ധിച്ചു കേട്ടു സത്യം മനസ്സിലാക്കി വിശ്വസിക്കുന്നവർ പ്രവാചക ജീവിതം സൂക്ഷ്മമായി നിരീക്ഷിക്കുകയും സ്വന്തം ജീവിതം അതനുസരിച്ചു ക്രമീകരിക്കുകയും ചെയ്യുന്നുമുണ്ട്. അവരിലൂടെ ഈ ദീൻ വിജയിക്കുകയും നിലനിൽക്കുകയും ചെയ്യും. അതുകൊണ്ട് ഈ സമുദായത്തെക്കുറിച്ച് പ്രവാചകൻ നിരാശപ്പെടേണ്ട കാര്യമില്ല. കുറെയാളുകൾ ഖുർആൻ കേൾക്കാനോ പ്രവാചകന്റെ ജീവിതം നിരീക്ഷിക്കാനോ കൂട്ടാക്കുന്നില്ല എന്നതു ശരിയാണ്. സത്യം മനസ്സിലാക്കാനോ അതു പിന്തുടരാനോ ഇഷ്ടപ്പെടാത്തവരാണവർ. ദൈവിക സന്ദേശത്തെയും പ്രവാചക ജീവിതത്തെയും സംബന്ധിച്ചേടത്തോളം അവർ അന്ധരും ബധിരരുമാണ്. അന്ധരെ വഴികാണിക്കാനും ബധിരരെ കേൾപ്പിക്കാനും ആർക്കും സാധിക്കുകയില്ലല്ലോ. നേരത്തെ സൂചിപ്പിച്ച, വിശ്വസിക്കാതിരിക്കാൻ വിധിക്കപ്പെട്ടവരാണവർ. അവരെ അവരുടെ പാട്ടിനു വിട്ടേക്കുക, സത്യവിശ്വാസത്തിന്റെയും സന്മാർഗത്തിന്റെയും കാര്യത്തിലുള്ള അല്ലാഹുവിന്റെ നടപടിക്രമം (പ്രകൃതി നിയമം) ആർക്കും മാറ്റാനാവില്ല. അല്ലാഹു മനുഷ്യന് അരുളിയിട്ടുള്ള ബുദ്ധി, വിവേകം, ധർമബോധം തുടങ്ങിയ നന്മകളെ സജീവമാക്കുന്നവർക്കേ സന്മാർഗലബ്ധിക്ക് ഉതവി ലഭിക്കൂ.

41-ാം സൂക്തത്തിന്റെ അനുബന്ധമായി വ്യാഖ്യാനിക്കുമ്പോൾ ആശയം ഇപ്രകാരമാണ്: ഖുർആന്റെ അലൗകികതയും ദൈവികതയും സ്ഥാപിക്കുന്ന തെളിവുകളൊന്നും സ്വീകരിക്കാൻ കൂട്ടാക്കാതെ പ്രവാചകനെ തള്ളിപ്പറയുന്നവരിൽ പലരും അത് ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്. പക്ഷേ, അവർ ശ്രദ്ധിക്കുന്നത് ഖുർആൻ അവതരിപ്പിക്കുന്ന സത്യങ്ങളോ തത്ത്വങ്ങളോ അല്ല; ഖുർആന്റെ ഭാഷാ സൗന്ദര്യവും സംഗീതാത്മകതയും മാത്രമാണ്. ഖുർആനിക സന്ദേശങ്ങളെക്കുറിച്ച് അവർക്കുള്ളത്, എതിർക്കപ്പെടുകയും നിഷേധിക്കപ്പെടുകയും ചെയ്യേണ്ടതാണെന്ന മുൻധാരണയാണ്. ആ സന്ദേശങ്ങൾക്കുനേരെ ബധിരരും അന്ധരുമാണവർ. സത്യം മനസ്സിലാക്കണമെന്ന ഉദ്ദേശ്യത്തോടെ കേൾക്കുകയും കാണുകയും ചെയ്യാൻ സന്നദ്ധരായവരെ മാത്രമേ പ്രബോധകർക്ക് സത്യം കേൾപ്പിക്കാനും വഴി കാണിക്കാനും കഴിയൂ. അതില്ലാത്തവർ അവരെ സംബന്ധിച്ചേടത്തോളം തികഞ്ഞ അന്ധരും ബധിരരുമാകുന്നു. അവരുടെ കാതുകളിലൂടെ ശബ്ദങ്ങളും കണ്ണുകളിലൂടെ ദൃശ്യങ്ങളും കടന്നുപോവുക മാത്രം ചെയ്യുന്നു. അതിന്റെ ശരിയായ അർഥം അൽപവും അവരുടെ മനസ്സിൽ തങ്ങുന്നില്ല.

കാഴ്ചക്കും കേൾവിക്കും അനേകം മാനങ്ങളുണ്ട്. ദൃശ്യങ്ങളും ശബ്ദങ്ങളും നമ്മുടെ കണ്ണിലൂടെയും കാതിലൂടെയും നിരന്തരം കടന്നുപോയിക്കൊണ്ടിരിക്കുന്നു. അവയിൽ പലതും എന്താണെന്ന് നാം ശ്രദ്ധിക്കുന്നേയില്ല. ചിലത് ശ്രദ്ധിച്ച ശേഷം അവഗണിക്കുന്നു. ചിലതിനോട് താൽക്കാലികമായെങ്കിലും പ്രതികരിക്കുന്നു. ചില ശബ്ദങ്ങളും ദൃശ്യങ്ങളും ജീവിതകാലം മുഴുവൻ നമ്മുടെ മനസ്സിൽ തങ്ങിനിൽക്കുകയും ജീവിതത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു. കേൾക്കുന്നതിനോടും കാണുന്നതിനോടുമുള്ള നമ്മുടെ സമീപനത്തിലെ വ്യത്യാസമനുസരിച്ചാണ് ഈ വ്യത്യാസം.

ഈ ആശയം വ്യക്തമാക്കാൻ രണ്ടു സത്യാന്വേഷികളിൽനിന്നുള്ള ഒരു സംഭാഷണം ഉദ്ധരിക്കപ്പെടാറുണ്ട്. ഒരുവൻ അപരനോടു പറഞ്ഞു: "ഇന്ന പുണ്യാത്മാവിനെ കാണുന്നയാളെ അല്ലാഹു സന്മാർഗത്തിലാക്കും." അപരൻ അതിനെ എതിർത്തു. "നിങ്ങളുടെ ഈ വിചാരം അടിസ്ഥാന രഹിതമാണ്. നിങ്ങൾ പറഞ്ഞ പുണ്യാത്മാവിനെക്കാൾ എത്രയോ മഹാനായ പുണ്യാത്മാവിനെ ധാരാളം കണ്ടയാളാണ് അബൂജഹ്ൽ. അയാൾ സത്യനിഷേധിയായി തന്നെയാണ് മരിച്ചത്." ഒന്നാമന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. "അല്ലാഹുവിന്റെ ദൂതനായ മുഹമ്മദിനെ(സ) അബൂജഹ്ൽ ഒരിക്കലും കണ്ടിട്ടില്ല. അയാൾ കണ്ടത് അബൂത്വാലിബ് സംരക്ഷിച്ച അനാഥനെ (يتيم) മാത്രമാണ്."

അതായത് അബൂത്വാലിബ് വളർത്തിയ, സമ്പത്തും സന്തതികളുമില്ലാത്ത ഒരനാഥൻ തങ്ങളുടെയൊക്കെ നേതാവാകുന്നത് അംഗീകരിച്ചു കൂടാ എന്ന മുൻവിധിയോടെയാണ് അബൂജഹ്ൽ പ്രവാചകനെ കണ്ടത്. നേരെമറിച്ച് സത്യത്തിന്റെ വെളിച്ചം കാണിച്ചു തരാനും തങ്ങളെ ലോകത്തിന്റെ ധാർമിക നേതാക്കളാക്കി ഉയർത്താനും ദൈവം നിയോഗിച്ച ദൂതനായി അദ്ദേഹത്തെ നോക്കിയിരുന്നുവെങ്കിൽ തിരുമുഖത്ത് പ്രസരിച്ചിരുന്ന സത്യത്തിന്റെ ശോഭയും അവിടുത്തെ പെരുമാറ്റത്തിൽ പ്രകടമായിരുന്ന ധാർമിക സൗന്ദര്യവും സ്നേഹത്തിളക്കവും അബൂജഹ്ൽ കാണുകയും അയാളുടെ ചരിത്രം തികച്ചും മറ്റൊന്നായിത്തീരുകയും ചെയ്യുമായിരുന്നു. ഖുർആന്റെ കാര്യവും ഇതുതന്നെയാണ്. ധർമബോധം ഉള്ളവർക്കാണതു മാർഗദർശനമാവുക. هُدًى لِّلْمُتَّقِينَ എന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. അബൂജഹ്ലിന്റെ സമാന മനസ്കനും സമശീർഷനുമായിരുന്ന ഉമറിന്ന് ഒരു നിമിഷം ഖുർആന്റെ അക്ഷരങ്ങൾക്കപ്പുറമുള്ള അർഥവും കൂടി കേൾക്കാൻ ഉതവിയുണ്ടായതുകൊണ്ടാണ് അദ്ദേഹത്തിന്റെ ചരിത്രം പാടെ മാറിമറിഞ്ഞത്. ഫദാലത്ത് ബിൻ ഉമൈർ എന്ന പ്രവാചക ശിഷ്യൻ മറ്റൊരു ഉദാഹരണമാണ്. പ്രവാചകനെ വധിക്കാൻ നോമ്പുനോറ്റു നടന്ന ബദ്ധവൈരിയായിരുന്നു ഫദാല. മക്കാവിമോചന കാലത്ത് പ്രവാചകൻ കഅ്ബ പ്രദക്ഷിണം ചെയ്യുന്നതു കണ്ട ഫദാല തന്റെ ജീവിത സ്വപ്നം നിറവേറാൻ പറ്റിയ അവസരം ഇതുതന്നെ എന്നു നിശ്ചയിച്ച് വാളുമായി അദ്ദേഹത്തിനടുത്തേക്കു നീങ്ങി. അടുത്തെത്തിയ ഫദാലയോട് പ്രവാചകൻ ചോദിച്ചു: "നിങ്ങളെന്താണ് നിങ്ങളുടെ മനസ്സിനോട് സംസാരിച്ചത്?" ഫദാല: "ഒന്നുമില്ല; ഞാൻ ദൈവത്തെ ഭജിക്കുകയായിരുന്നു." അതുകേട്ട് ചിരിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: "ശരി, നിങ്ങൾ അല്ലാഹുവിനോട് മാപ്പ് തേടൂ." അനന്തരം അദ്ദേഹത്തിന്റെ കരം ഫദാലയുടെ മാറിൽ വെച്ചു. പ്രവാചകനെ മുന്നിൽ കാണുകയും അവിടുത്തെ വാക്കുകൾ കേൾക്കുകയും ചെയ്ത നിമിഷം ഫദാല മറ്റൊരാളായി മാറി. അദ്ദേഹം പറഞ്ഞു; "അദ്ദേഹത്തിന്റെ മുഖത്തെക്കാൾ ഞാൻ വെറുക്കുന്ന മറ്റൊരു മുഖവുമുണ്ടായിരുന്നില്ല. പക്ഷേ, ആ നിമിഷം ഞാനദ്ദേഹത്തെ അഭിമുഖീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖത്തോളം എനിക്കു പ്രിയപ്പെട്ട മറ്റൊരു മുഖം ഭൂമിയിലെവിടെയും ഉണ്ടായിരുന്നില്ല."

ഇതാണ് സൃഷ്ടിപരമായ കേൾവിയുടെയും കാഴ്ചയുടെയും യാഥാർഥ്യം. സ്വന്തം സഹോദരിയുടെ വീട്ടിൽനിന്ന് സൂറ *ത്വാഹ*യിലെ ഏതാനും സൂക്തങ്ങൾ കേൾക്കുന്നതിനുമുമ്പും ഉമർ ഖുർആൻ കേൾക്കാതെയല്ല. അപ്പോഴൊക്കെ അദ്ദേഹം അതു കേട്ടത് ബധിരനായിട്ടായിരുന്നു. മക്കാ വിമോചന നാളിലെ ആ കഅ്ബ പ്രദക്ഷിണത്തിനുമുമ്പും ഫദാലത്തുബിൻ ഉമൈർ മുഹമ്മദ് നബിയെ എത്രയോ തവണ കണ്ടിരുന്നു. പക്ഷേ അന്നൊക്കെ അദ്ദേഹത്തിന്റെ മനകണ്ണ് അന്ധമായിരുന്നു. ■